## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *118 — 12.03.2015-ൽ മറുപടിയ്ക്ക്

## സാമ്പത്തിക നിലയും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>,, എ.പ്രദീപ്കുമാർ<br>,, പി.ടി.എ.റഹീം<br>,, രാജു എബ്രഹാം | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) സർക്കാരിന്റെ സാമ്പത്തിക നില പൊതുമരാമത്ത് വകുപ്പിലെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെ മന്ദഗതിയിൽ ആക്കുകയും, പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത പ്രകടിപ്പിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. |
| (ബി) മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ ; | (ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01.01.2014 മുതൽ 31.12.2014 വരെ കുടിശ്ശിക ബില്ലിനത്തിൽ 1680.79 കോടി രൂപയും,ദേശീയപാത വിഭാഗത്തിൽ 54.09 കോടി രൂപയും, കെട്ടിടവിഭാഗത്തിൽ 453.55 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ കുടിശ്ശികയായിട്ടുള്ളതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നുണ്ടോ ; തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ; | (സി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ ചില കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ തുടക്കം കുറിച്ച പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ഘടകങ്ങളാണ് തടസ്സമായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) ഫണ്ടിന്റെ ലഭ്യതക്കുറവ്, ഭൂമി ഏറ്റെടുക്കുന്നതിന്റെ കാലതാമസം, നിർമ്മാണസാമഗ്രികളുടെ ലഭ്യത കുറവ് തുടങ്ങിയവയാണ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഈ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ